# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.2269 05-02-2018-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അനിൽ അക്കര | ഡോ.ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**<u>ഭവനപുനരുദ്ധാരണ പദ്ധതി ഫണ്ട് വിനിയോഗത്തിനു ട്രഷറി നിയന്ത്രണം</u>**

| | |
| --- | --- |
| ട്രഷറി നിയന്ത്രണം മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭവനപുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് 2017 നവംബർ, ഡിസംബർ മാസങ്ങളിൽ പണം പിൻവലിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ? | സംസ്ഥാനത്തിന്റെ പ്രതിമാസ വരുമാനം നിശ്ചിതവും എന്നാൽ ചെലവുകൾക്ക് ബഡ്ജറ്റിലൂടെയുള്ളതല്ലാതെ മറ്റ് നിയന്ത്രണ ങ്ങളൊന്നുമില്ലാത്തതിനാൽ വരവിനനുസരിച്ച് ട്രഷറി മുഖേനയുള്ള ചെലവുകൾ ക്രമപ്പെടുത്തേണ്ടത് സംസ്ഥാനത്തെ സംബ ന്ധിച്ചിടത്തോളം അത്യന്താപേക്ഷിതവും കാലാകാലങ്ങളായി തുടർന്നുപോരുന്ന ഒരു നടപടിക്രമവുമാണ്. ലിക്വിഡിറ്റി പ്രതിസന്ധി തരണം ചെയ്യുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ ട്രഷറി വിനിമയങ്ങളിൽ 2017 നവംബർ-ഡിസംബർ മാസങ്ങളിൽ ഏർപ്പെടുത്തിയിരുന്നു. മാസാദ്യം ലഭിച്ചിരുന്ന നികുതിവിഹിതം മദ്ധ്യത്തിലേയ്ക്ക് മാറ്റിയതും പബ്ലിക് അക്കൗണ്ട് വായ്പാ വരുമാനമായി കണക്കാക്കി അനുവദനീയ വായ്പാപരിധിയിൽ വെട്ടിക്കുറവ് വരുത്തു മെന്ന ചരിത്രത്തിലാദ്യ മായിട്ടെടുത്ത കേന്ദ്ര സർക്കാർ നിലപാടുമാണ് ലിക്വിഡിറ്റി പ്രതിസന്ധിയുടെ അടിയന്തിര കാരണങ്ങൾ. എന്നാൽ നിലവിൽ പദ്ധതി- പദ്ധതിയേതര ചെലവിനങ്ങളുടെ 5 കോടി രൂപവരെയുള്ള ബിൽ തുകകൾ ട്രഷറിയിൽ നിന്ന് ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തി യിട്ടില്ല. കരാറുകാർക്കുള്ള ബില്ലുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ ബില്ലുകൾ, ഭവനപദ്ധതിയുമായി ബന്ധപ്പെട്ട ബില്ലുകൾ ഇവയ്ക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണവും ബാധകമാക്കിയിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ